"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

റവന്യൂ (ദേവസ്വം-എ ) വകുപ്പ്

നമ്പർ.ദേവ 4/165/2021/റവ

23-06-2025,തിരുവനന്തപുരം

Ph: 04712518147

Email : secretariatdevaswom@gmail.com

സെക്രട്ടറി

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ (ദേവസ്വം-എ ) വകുപ്പ് - 2015 കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളുടെ മലയാള പരിഭാഷ അംഗീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളുടെ 08.07.2021 ലെ 172/നി.വിം./കെ.ഡി.ആർ.ബി/2019 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയത്തിൽ താങ്കൾ ആവശ്യപ്പെട്ടതിൻ പ്രകാരം, 2015 കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച 2015 -ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങൾ, 2015, 2018, 2019-ലെയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ചട്ടങ്ങൾ എന്നിവയുടെ മലയാള പരിഭാഷ അംഗീകരിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
ശ്രീകല.എം.എസ്
ജോയിന്റ് സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Gireeshkumar G N
Date: 23-06-2025 15:07:59

സെക്ഷൻ ഓഫീസർ.

**കേരള ഗസറ്റ്**

**അസാധാരണം**

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

കേരള സർക്കാർ

**റവന്യൂ (ദേവസ്വം) വകുപ്പ്**

വിജ്ഞാപനം

ജി.ഒ (പി) നം.216/2015/ആർ.ഡി തിരുവനന്തപുരം, തീയതി 2015 മെയ് 30.

എസ്. ആർ. ഒ. നമ്പർ 352/2015.— 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസിലെ (2015-ലെ 5-ാം നമ്പർ ഓർഡിനൻസ്) 18-ാം വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ രൂപവൽക്കരിക്കുന്നു, അതായത് :-

**ചട്ടങ്ങൾ**

അധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങൾ എന്ന് പേരു പറയാം.

(2) അവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2.നിർവചനങ്ങൾ .- (1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) "അഡ്വൈസ് ലിസ്റ്റ്" എന്നാൽ അതതുസമയം റിപ്പോർട്ടു ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് സെലക്ട് ലിസ്റ്റിൽനിന്ന് എടുത്തിട്ടുള്ളതും ബന്ധപ്പെട്ട തസ്തികയുടെ റിക്രൂട്ട്മെന്റ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ളതുമായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എന്നർത്ഥമാകുന്നു;

(ബി) "പരീക്ഷ" എന്നതിൽ എഴുത്തുപരീക്ഷ, പ്രായോഗികപരീക്ഷ, ശാരീരിക ക്ഷമത പരിശോധന, വാചാപരീക്ഷ (അഭിമുഖം) എന്നിവയും ബോർഡ് അതിന് യുക്തമെന്നു കരുതി നടത്തുന്ന മറ്റേതെങ്കിലും ടെസ്റ്റ് അല്ലെങ്കിൽ പരീക്ഷ എന്നതും ഉൾപ്പെടുന്നതാകുന്നു;

(സി) "ഫാറം" എന്നാൽ ഈ ചട്ടങ്ങളോട് അനുബന്ധിച്ചുള്ള ഫാറം എന്നർ ത്ഥമാകുന്നു;

(ഡി) "ഗസറ്റ്" എന്നാൽ കേരള സർക്കാർ ഗസറ്റ് എന്നർത്ഥമാകുന്നു;

(ഇ) "പരമ്പരാഗത തസ്തികകൾ" എന്നാൽ 1950-ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്ട്, 1951-ലെ മദ്രാസ് ഹിന്ദുമതധർമ്മ എൻഡോവ്മെന്റുകൾ ആക്ട്, 1978-ലെ ഗുരുവായൂർ ദേവസ്വം ആക്ട്, 2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്ട് എന്നിവയ്ക്കു കീഴിൽ യഥാക്രമം രൂപവൽക്കരിക്കപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി, കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി എന്നിവയ്ക്കു കീഴിൽവരുന്ന ക്ഷേത്രങ്ങളിലെ കീഴ് നടപ്പു പ്രകാരം പിന്തുടരുന്ന അനുഷ്ഠാനങ്ങൾക്കനുസൃതമായി വഹിക്കുന്ന തസ്തികകൾ എന്നർത്ഥമാകുന്നതും അതിൽ ഈ ചട്ടങ്ങളിലെ പട്ടിക I ൽ പരാമർശിച്ചിട്ടുള്ള തസ്തികകൾ ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) "ഹിന്ദു പട്ടികഗോത്രവർഗ്ഗം" എന്നാൽ ഹിന്ദു മതാനുഷ്ഠാനങ്ങൾ പിന്തുടരുന്നവരും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വാസമുള്ളവരുമായ പട്ടിക ഗോത്രവർഗ്ഗവിഭാഗത്തിലെ അംഗങ്ങൾ എന്നർത്ഥമാകുന്നു;

(ജി) "ഓർഡിനൻസ്" എന്നാൽ2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് (2015-ലെ ഓർഡിനൻസ് നമ്പർ 5) എന്നർത്ഥമാകുന്നു.

(എച്ച്) "സെലക്ട് ലിസ്റ്റ്" എന്നാൽ അഭിമുഖത്തിന്റെയോ എഴുത്തുപരീക്ഷയുടെയോ ഇവ രണ്ടിന്റെയുമോ അടിസ്ഥാനത്തിൽ യോഗ്യതാക്രമത്തിൽ തയ്യാറാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എന്നർത്ഥമാകുന്നു;

(ഐ) "പട്ടിക" എന്നാൽ ഈ ചട്ടങ്ങളോടനുബന്ധിച്ചുള്ള പട്ടിക എന്നർത്ഥ മാകുന്നു;

(ജെ) മറ്റുവിധത്തിൽ വിനിർദ്ദേശിക്കാത്തപക്ഷം "സർവ്വീസ്" എന്നതിൽ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് സർവ്വീസ് ഉൾപ്പെടുന്നതാകുന്നു.

(2) ഓർഡിനൻസിൽ നിർവ്വചിച്ചിട്ടുള്ളതും എന്നാൽ ഈ ചട്ടങ്ങളിൽ നിർവ്വചിച്ചിട്ടില്ലാത്തതും ഉപയോഗിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം അവയ്ക്ക് ഓർഡിനൻസിൽ നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. <u>വിവിധ ദേവസ്വങ്ങൾക്കു കീഴിൽ പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനം</u>.- (1) വിവിധ ദേവസ്വം ബോർഡുകളുടെയും മാനേജിംഗ് കമ്മിറ്റി കളുടെയും കീഴിൽവരുന്ന പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള വിവിധ തസ്തികകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) നേരിട്ട് നിയമനമുള്ള എല്ലാ സംഗതികളിലും, ഓർഡിനൻസിലെ, 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ഭാഗം II ലെ 17-ലെ 14-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംവരണവും റൊട്ടേഷനും സംബന്ധിച്ച വ്യവസ്ഥകൾ ആവശ്യമായ മാറ്റങ്ങളോടെ ബാധകമാകുന്നതാണ്.

എന്നാൽ, 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിൽ ഹിന്ദുക്കളല്ലാത്ത പിന്നാക്ക സമുദായക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകൾ മേൽപ്പറഞ്ഞ ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള സംവരണത്തിന്റെയും റൊട്ടേഷന്റെയും ക്രമത്തിൽ ഓപ്പൺ മെറിറ്റ് ക്വാട്ടയായി കണക്കാക്കുന്നതാണ്.

ചിത്രീകരണം :-

1. ഓപ്പൺ കോമ്പറ്റീഷൻ
2. ഈഴവ, തീയ്യ, ബില്ലവ
3. ഓപ്പൺ കോമ്പറ്റീഷൻ
4. പട്ടികജാതി അല്ലെങ്കിൽ ഹിന്ദു പട്ടികഗോത്രവർഗ്ഗം
5. ഓപ്പൺ കോമ്പറ്റീഷൻ
6. ഓപ്പൺ കോമ്പറ്റീഷൻ
7. ഓപ്പൺ കോമ്പറ്റീഷൻ
8. ഓപ്പൺ കോമ്പറ്റീഷൻ
9. ഓപ്പൺ കോമ്പറ്റീഷൻ
10. മറ്റു പിന്നാക്കവിഭാഗങ്ങൾ
11. ഓപ്പൺ കോമ്പറ്റീഷൻ
12. പട്ടികജാതി അല്ലെങ്കിൽ ഹിന്ദു പട്ടികഗോത്രവർഗ്ഗം
13. ഓപ്പൺ കോമ്പറ്റീഷൻ
14. ഈഴവ, തീയ്യ, ബില്ലവ
15. ഓപ്പൺ കോമ്പറ്റീഷൻ
16. ഓപ്പൺ കോമ്പറ്റീഷൻ
17. ഓപ്പൺ കോമ്പറ്റീഷൻ
18. ഈഴവ, തീയ്യ, ബില്ലവ
19. ഓപ്പൺ കോമ്പറ്റീഷൻ
20. വിശ്വകർമ്മ

(3) ബോർഡ് രൂപവൽക്കരിക്കുന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സെലക്ഷൻ തസ്തികകളിലേയ്ക്കും സർവ്വീസ് ഗ്രേഡുകളിലേയ്ക്കും നിയമിക്കുന്നതിനുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതാണ്.

4 . <u>ബോർഡിന്റെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റു നിബന്ധനകളും സേവനവ്യവസ്ഥകളും</u>.-(1) ബോർഡിന്റെ ചെയർപേഴ്സണ് ഗവൺമെന്റ് സെക്രട്ടറിക്ക് ബാധകമായ ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതും, ബോർഡിലെ മറ്റംഗങ്ങൾക്ക് ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറിക്ക് ബാധകമായ ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതും, ചെയർപേഴ്സണും അംഗങ്ങൾക്കും തത്തുല്യമായ ശമ്പളം കൈപ്പറ്റുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് അനുവദനീയമായ നിരക്കിലുള്ള ബത്തകൾക്കും അർഹതയുണ്ടായിരിക്കുന്നതുമാണ്.

(2) കേന്ദ്രസർക്കാരിലോ സംസ്ഥാന സർക്കാരിലോ ഒരു തസ്തിക വഹിക്കുന്നതോ/വഹിച്ചതോ ആയ ഒരു വ്യക്തി ചെയർപേഴ്സണായോ മറ്റ് അംഗമായോ നിയമിക്കപ്പെടുമ്പോൾ ബോർഡിലേയ്ക്ക് നിയമിക്കപ്പെടുന്ന തീയതി മുതൽ ഉപചട്ടം (1) ൽ പരാമർശിച്ചിട്ടുള്ള ശമ്പളവും ബത്തകളും അയാൾക്ക് ലഭിക്കുന്നതാണ്:

എന്നാൽ, അത്തരം വ്യക്തി, കേന്ദ്രസർക്കാർ സർവ്വീസിലോ അഖിലേന്ത്യ സർവ്വീസിലോ സംസ്ഥാന സർവ്വീസിലോ അതതു സംഗതിപോലെ പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും പെൻഷനുതത്തുല്യമായ മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള പെൻഷൻ കിഴിച്ച് അയാൾ അവസാനം വാങ്ങിയ ശമ്പളവും ബത്തകളും ബോർഡിലെ സർവ്വീസ് കാലയളവു മുഴുവൻ വാങ്ങുന്നതിന് അനുവദിക്കേണ്ടതാണ്:

എന്നു മാത്രമല്ല, സംസ്ഥാനത്തിലെയോ കേന്ദ്രത്തിലെയോ സർവ്വീസിലെ ഒരംഗം വിരമിക്കലിനു മുമ്പായി ബോർഡിന്റെ ചെയർപേഴ്സണായോ അംഗമായോ നിയമിക്കപ്പെടുമ്പോൾ അയാൾ അത്തരം സർവ്വീസിൽ തുടർന്നിരുന്നുവെങ്കിൽ അതതുസമയം അയാൾക്ക് ലഭിക്കുമായിരുന്ന ശമ്പളമോ (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ശമ്പളമോ ഏതാണോ അധികം അതു വാങ്ങുന്നതിന് അനുവദിക്കേണ്ടതാണ്.

(3) ഒരു വ്യക്തി ബോർഡിന്റെ ചെയർപേഴ്സണോ അംഗമോ ആയി നിയമിക്കപ്പെടുന്ന തീയ്യതിയിൽ അയാൾ കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ ആയിരുന്നാൽ ബോർഡിന്റെ ചെയർപേഴ്സൺ അല്ലെങ്കിൽ അംഗമായി അതതു സംഗതി പോലെ അയാൾ നിയമിക്കപ്പെടുന്ന തീയതിമുതൽ പ്രാബല്യത്തിൽ അത്തരം സർവ്വീസിൽനിന്ന് വിരമിച്ചതായി കണക്കാക്കേണ്ടതാണ്.

(4) അവധി, അവധിശമ്പളം, മെഡിക്കൽ അലവൻസ്,യാത്രാബത്ത, മറ്റ് അലവൻസുകൾ എന്നിവ അനുവദിക്കുന്നതിനുള്ള നിബന്ധനകളും ഉപാധികളും ചെയർപേഴ്സന്റെ കാര്യത്തിൽ അഖിലേന്ത്യാ സർവ്വീസിലെ അംഗങ്ങൾക്ക് ബാധകമായ രീതിയിലായിരിക്കുന്നതും ബോർഡിലെ അംഗങ്ങളുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കു ബാധകമായ രീതിയിലായിരിക്കുന്നതുമാണ്.

(5) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി തസ്തികയിലുള്ള ഒരാളെ അന്യത്രസേവനവ്യവസ്ഥയിൽ ബോർഡിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതും അയാൾക്ക് മാതൃവകുപ്പിൽ ലഭിച്ച ശമ്പളത്തിനും അലവൻസുകൾക്കും അർഹതയുണ്ടായിരിക്കുന്നതുമാണ്.

5 . <u>ബോർഡിലെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് നിബന്ധനകളും സേവനവ്യവസ്ഥകളും</u> - (1) കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിലെ എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും ഒരുമിച്ചു ചേർന്നതാണ് കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് സർവ്വീസ്.

(2) ജീവനക്കാരുടെ എണ്ണം, അവരുടെ യോഗ്യത, നിയമനരീതി, ശമ്പളസ്കെയിൽ എന്നിവ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക II ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്.

(3) ബോർഡിലെ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും തത്തുല്യ ശമ്പളസ്കെയിലിലുള്ള സംസ്ഥാന സർക്കാർജീവനക്കാർക്ക് അനുവദനീയമായ എല്ലാ അലവൻസുകളും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(4) നിയമനത്തിനുള്ള പ്രായം, പ്രൊബേഷൻ, ശമ്പളവും ബത്തകളും, അവധി, മറ്റാനുകൂല്യങ്ങൾ, അച്ചടക്കനടപടികൾ, വിരമിക്കൽപ്രായം എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാന സർക്കാർസർവ്വീസിലെ തത്തുല്യ തസ്തികകളിലുള്ള ജീവനക്കാർക്ക് ബാധകമായ ചട്ടങ്ങൾ ബോർഡിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ബാധകമായിരി ക്കുന്നതാണ്.

6. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും മേൽ ബോർഡിനുള്ള നിയന്ത്രണം.- (1) ബോർഡിന്റെ സർവ്വീസ്സിലായിരിക്കുമ്പോൾ ബോർഡിലെ ഉദ്യോഗസ്ഥരും ജീവനക്കാരും അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണ വേളയിൽ ബോർഡിന്റെ നിയന്ത്രണത്തിലാ യിരിക്കുന്നതാണ്.

## അധ്യായം II
## പരീക്ഷനടത്തിപ്പ്

7. പരീക്ഷനടത്തിപ്പിന്റെ നടപടിക്രമം.- (1) ബോർഡിന് ഒരു സർവ്വീസിലേയ്ക്കോ തസ്തികയിലേയ്ക്കോ നിയമനത്തിനായി പരിഗണിക്കുന്ന ഉദ്യോഗാർത്ഥികളുടെ മെറിറ്റ് നിർണ്ണയിക്കുന്നതിന് താഴെപ്പറയുന്ന എല്ലാ പരീക്ഷകളും നടത്താവുന്നതാണ്:

(i) എഴുത്തുപരീക്ഷ (ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ ഒഴികെ);

(ii) പ്രായോഗികപരീക്ഷ;

(iii) കായികക്ഷമതാ പരീക്ഷ;

(iv) വാചാപരീക്ഷ (അഭിമുഖം) (മാർക്കുകൾ ബോർഡ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതും എന്നാൽ ആകെ മാർക്കിന്റെ 10 ശതമാനത്തിൽ കവിയാൻ പാടില്ലാത്തതുമാണ്).

(v) ബോർഡ് യുക്തമെന്നു കരുതുന്ന മറ്റേതെങ്കിലും പരീക്ഷാസമ്പ്രദായമോ പരീക്ഷയോ

(2) ബോർഡ് ഒരു സർവ്വീസിലേയ്ക്കോ തസ്തികയിലേയ്ക്കോ ഉള്ള നിയമനത്തിനായി എഴുത്തുപരീക്ഷയും പ്രായോഗികപരീക്ഷയും അല്ലെങ്കിൽ എഴുത്തുപരീക്ഷയോ പ്രായോഗിക പരീക്ഷയോ നടത്തുമ്പോൾ-

(i) (എ) പരീക്ഷയ്ക്കായി ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ യോഗ്യതകൾ;

(ബി) ഫീസ് ഉൾപ്പെടെ പരീക്ഷയ്ക്ക് പ്രവേശനം നൽകുന്നതിനുള്ള നിബന്ധനകൾ;

(സി) പരീക്ഷാ വിഷയങ്ങൾ, സമ്പ്രദായം അല്ലെങ്കിൽ സിലബസ്സ് ;

(ഡി) പരീക്ഷയ്ക്കുള്ള ഉദ്യോഗാർത്ഥികളിനിന്ന് നികത്തേണ്ട ഒഴിവുകളുടെ എണ്ണം:

എന്നിവ പ്രഖ്യാപിക്കേണ്ടതാണ്.

എന്നാൽ നികത്തേണ്ട ഒഴിവുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്താൻ കഴിയില്ലെങ്കിൽ, ബോർഡ് നികത്തേണ്ട ഒഴിവുകളുടെ ഏകദേശം എണ്ണമോ ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടില്ലാന്നോ അറിയിക്കേണ്ടതാണ്.

(ii) അപേക്ഷകൾ ക്ഷണിക്കുകയും അങ്ങനെ ലഭിക്കുന്ന എല്ലാ അപേക്ഷകളും പരിഗണിക്കുകയും ചെയ്യേണ്ടതാണ്;

(iii) ക്രമപ്രകാരമുള്ള അപേക്ഷകൾ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കായി പരീക്ഷ നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്;

(iv) ബോർഡ് അതത് സമയത്ത് തീരുമാനിക്കുന്ന അത്രയും എണ്ണം ഉദ്യോഗാർത്ഥി കളുടെ ഒരു ലിസ്റ്റ് മെറിറ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്:

എന്നാൽ, വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള യോഗ്യതകൾക്കും മറ്റ് ഉപാധികൾക്കും അനുസൃതമായി വിവിധ വിഭാഗങ്ങൾക്ക കീഴിൽ വരുന്ന ഉദ്യോഗാർത്ഥികളുടെ മെറിറ്റടിസ്ഥാനത്തിലുള്ള പ്രത്യേക സെലക്ട് ലിസ്റ്റുകളും ബോർഡിനു തയ്യാറാക്കാവുന്നതാണ്:

എന്നു മാത്രമല്ല, പട്ടികജാതിക്കാർക്കും ഹിന്ദു പട്ടികഗോത്രവർഗ്ഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങൾക്കും നിയമനം നൽകുന്നതിനുള്ള സംവരണചട്ടങ്ങൾ പാലിക്കുന്നതിലേയ്ക്കായി പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ മെറിറ്റനുസരിച്ച് അതതു സമയത്ത് ആവശ്യമായത്രയും അപ്രകാരമുള്ള സപ്ലിമെന്ററി ലിസ്റ്റുകൾ ബോർഡിനു തയ്യാറാക്കാവുന്നതാണ്.

(3) ഒരു സർവ്വീസിലേയ്ക്കോ തസ്തികയിലേയ്ക്കോ വാചാപരീക്ഷ (അഭിമുഖം) മാത്രം നടത്താനുള്ളപ്പോൾ ബോർഡ്-

(i) ഉദ്യോഗാർത്ഥികൾക്കു വേണ്ട യോഗ്യതയും ഫീസ് ഉൾപ്പെടെയുള്ള മറ്റു നിബന്ധനകളും നികത്തേണ്ട ഒഴിവുകളുടെ എണ്ണവും അറിയിക്കേണ്ടതാണ്:

എന്നാൽ ബോർഡിന് നികത്തേണ്ട ഒഴിവുകളുടെ കൃത്യം എണ്ണം തിട്ടപ്പെടുത്താൻ കഴിയാതെ വരുമ്പോൾ നികത്തേണ്ട ഒഴിവുകളുടെ ഏകദേശം എണ്ണം അറിയിക്കുകയോ തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ലെന്നു പറയുകയോ ചെയ്യേണ്ടതാണ്;

(ii) അപേക്ഷകൾ ക്ഷണിക്കൽ, അപ്രകാരം ലഭിച്ച എല്ലാ അപേക്ഷകളും പരിശോധിച്ച് ആരുടെ അപേക്ഷകളാണോ ക്രമപ്രകാരമുള്ളത് അത്തരം ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്യൽ:

എന്നാൽ, ഒഴിവുകളുടെ എണ്ണവുമായി പരിഗണിക്കുമ്പോൾ യോഗ്യമായ അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ ബോർഡ് അതിനു യുക്തമെന്നു തോന്നുന്ന ഏതെങ്കിലും പരീക്ഷ നടത്തിയശേഷം വാചാപരീക്ഷ (അഭിമുഖം)യ്ക്ക് വിളിയ്ക്കേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം പരിമിതപ്പെടുത്താവുന്നതാണ്:

എന്നുമാത്രമല്ല, ബോർഡിനു വാചാപരീക്ഷ (അഭിമുഖം)യ്ക്ക് ക്ഷണിക്കേണ്ടതായ ഉദ്യോഗാർത്ഥികളുടെ എണ്ണം താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ അടിസ്ഥാനപ്പെടുത്തിയും പരിമിതപ്പെടുത്താവുന്നതാണ് :-

(എ) ഉയർന്ന യോഗ്യത;

(ബി) ഉയർന്ന മാർക്ക്.

(4) വാചാപരീക്ഷ (അഭിമുഖം) നടത്തുമ്പോൾ ബന്ധപ്പെട്ട ദേവസ്വം ബോർഡിന്റെ ഒരു പ്രതിനിധിയെ അതിൽ സന്നിഹിതനാകാൻ ക്ഷണിക്കേണ്ടതാണ്. അപ്രകാരം ഹാജരാകുന്ന പ്രതിനിധിക്ക് ബോർഡിന്റെ ചർച്ചകളിൽ പങ്കെടുക്കാമെങ്കിലും മാർക്ക് നൽകുന്നതിന് അധികാരമുണ്ടായിരിക്കുന്നതല്ല:

ബോർഡിനെ സഹായിക്കുന്നതിനായി പ്രത്യേക വിഷയങ്ങളിൽ വിദഗ്ധ പരിജ്ഞാനമുള്ള വ്യക്തിയെയോ വ്യക്തികളെയോ ആവശ്യമെന്ന് തോന്നുന്നപക്ഷം അഭിമുഖത്തിന് സന്നിഹിതരാകുന്നതിന് ക്ഷണിക്കാവുന്നതാണ്. എന്നാൽ അത്തരം വ്യക്തിക്കോ വ്യക്തികൾക്കോ മാർക്ക് നൽകുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(5) ഉദ്യോഗാർത്ഥിയുടെ അഭിമുഖ സമയത്ത് ബോർഡ് നടത്തുന്ന പര്യാലോചനകൾ, മാർക്ക് നൽകുന്നതുൾപ്പെടെ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്. ഈ ചട്ടം അഭിമുഖത്തിൽ ഹാജരാകുന്ന ദേവസ്വം ബോർഡ് അദ്ധ്യക്ഷൻമാർക്ക് അല്ലെങ്കിൽ അവരുടെ പ്രതിനിധികൾക്ക് അല്ലെങ്കിൽ മറ്റ് വിദഗ്ധർക്ക് ബാധകമായിരിക്കുന്നതുമാണ്.

(6) ബോർഡിന്റെ ക്ഷണമനുസരിച്ച് അഭിമുഖത്തിന് നിശ്ചയിക്കപ്പെട്ട സമയത്ത് ഹാജരാകുകയും നീതിയുക്തമായി സെലക്ഷൻ നടത്തുന്നതിന് ബോർഡുമായി സഹകരിക്കുകയും ചെയ്യുന്നത് ദേവസ്വം ബോർഡുകളുടെയും അവർ നാമനിർദ്ദേശം ചെയ്യുന്ന വരുടെയും മറ്റു വിദഗ്ധരുടെയും ചുമതലയായിരിക്കുന്നതാണ്.

(7) മേൽപ്പറഞ്ഞ ഉപചട്ടം (5)-ഉം (6) ഉം ലംഘിക്കുകയോ നീതിയുക്തമായ സെലക്ഷൻ നടത്തിപ്പിനെ ബാധിക്കുന്ന തരത്തിൽ പ്രവർത്തിക്കുകയോ പെരുമാറുകയോ ചെയ്യുന്ന ദേവസ്വം ബോർഡുകളുടെ മേലധികാരികളും/ അവരുടെ പ്രതിനിധികളും മറ്റ് വിദഗ്ധരും നടപടി ദൂഷ്യം നടത്തിയതായി കണക്കാക്കേണ്ടതും അവർ അച്ചടക്കനടപടി അല്ലെങ്കിൽ നിയമ പ്രകാരമുള്ള മറ്റ് ശിക്ഷാനടപടികൾ അല്ലെങ്കിൽ രണ്ടുംകൂടി ലഭിക്കാൻ ബാധ്യസ്ഥരാക്കുന്നതുമാണ്.

(8) ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും പ്രത്യേക കേസ്സുകളിലോ ഒരുകൂട്ടം കേസ്സുകളിലോ നിയമനം നടത്തുന്ന ആവശ്യത്തിലേക്കായി ബോർഡിന് സർക്കാരുമായി കൂടിയാലോചിച്ച് ഈ ചട്ടങ്ങളിലേതിലെങ്കിലും നിർണ്ണയിച്ചിട്ടുള്ള ഒന്നിനെക്കാൾ ഉചിതമായ ഒരു പ്രത്യേക നടപടിക്രമം സ്വീകരിക്കാവുന്നതാണ്.

(9) ബോർഡ് അത് നടത്തുന്ന എല്ലാ സെലക്ഷനുകൾ സംബന്ധിച്ചും താഴെപ്പറയുന്ന കാര്യങ്ങളിൽ ഒരു തീരുമാനമെടുക്കേണ്ടതാണ്-

(i) ഉദ്യോഗാർത്ഥികൾക്ക് തസ്തികയ്ക്കായി നിർണ്ണയിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടോയെന്നത്;

(ii) മാർക്ക് നൽകുന്നതിനുള്ള അടിസ്ഥാനം;

(iii) സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള കുറഞ്ഞ മാർക്ക്;

(iv) പ്രായോഗികപരീക്ഷ, ശാരീരികക്ഷമതാ പരീക്ഷ അല്ലെങ്കിൽ മറ്റേതെങ്കിലും ടെസ്റ്റോ പരീക്ഷയോ നടത്തുന്നതിനുള്ള രീതി.

(v) സെലക്ഷന് ആനുഷംഗികമായ മറ്റേതെങ്കിലും കാര്യം.

(10) അഭിമുഖം നടത്തി, ബോർഡ് നിശ്ചയിച്ചിട്ടുള്ള ഏറ്റവുംകുറഞ്ഞ മാർക്കിൽക്കുറയാത്ത മാർക്കു ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികളെയും മെറിറ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്:

എന്നാൽ സംവരണ ചട്ടങ്ങളെ തൃപ്തിപ്പെടുത്തുന്ന ഉദ്ദേശ്യത്തിനു മാത്രം അഭിമുഖത്തിനു വിളിച്ച ഉദ്യോഗാർത്ഥികളിൽനിന്ന് അഭിമുഖത്തിന് നിർണ്ണയിക്കപ്പെട്ട കുറഞ്ഞ മാർക്കിലും കുറയാതെ മാർക്കു ലഭിച്ച ഉദ്യോഗാർത്ഥികളെ സപ്ലിമെന്ററി ലിസ്റ്റിലോ ഓരോ വിഭാഗത്തിലും ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്നും മെറിറ്റിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച ലിസ്റ്റുകളിലോ ഉൾപ്പെടുത്തേണ്ടതാണ്:

എന്നു മാത്രമല്ല, അഭിമുഖത്തിന് നിർണ്ണയിക്കപ്പെട്ട കുറഞ്ഞ മാർക്കിലും കുറയാതെ മാർക്ക് ലഭിച്ചതും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിലെ നിബന്ധനകൾ പ്രകാരം മുൻഗണന ലഭിക്കുന്നതിന് അർഹതയുള്ളതുമായ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി ഒരു ലിസ്റ്റോ ലിസ്റ്റുകളോ കൂടി ബോർഡ് തയ്യാറാക്കേണ്ടതാണ്.

(11) ഏതെങ്കിലും തസ്തികയ്ക്ക് മുൻഗണനാർഹമായ യോഗ്യത നിശ്ചയിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തസ്തികയുടെ സെലക്ട് ലിസ്റ്റ് താഴെപ്പറയുന്ന രീതിയിലായിരിക്കണം തയ്യാറാക്കേണ്ടത്:-

(i) ചില പ്രത്യേക അധികയോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതായിരിക്കുമെന്ന നിബന്ധനയോടെ കുറഞ്ഞ യോഗ്യത നിശ്ചയിച്ചിട്ടുള്ള കേസ്സുകളിൽ ബോർഡ് ഒരു സെലക്ട് ലിസ്റ്റ് മാത്രമേ തയ്യാറാക്കാൻ പാടുള്ളൂ. മുൻഗണനാർഹമായ യോഗ്യതയ്ക്ക് പ്രത്യേക മാർക്ക് നൽകാൻ പാടില്ല. എഴുത്തു പരീക്ഷ / പ്രായോഗികപരീക്ഷ അല്ലെങ്കിൽ അഭിമുഖം അല്ലെങ്കിൽ രണ്ടിലും, രണ്ട് ഉദ്യോഗാർത്ഥികൾ ഒരേ മാർക്ക് നേടുകയാണെങ്കിൽ മുൻഗണനാർഹമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥിക്ക് അതേ മാർക്കുള്ളതും എന്നാൽ മുൻഗണനാർഹമായ യോഗ്യത ഇല്ലാത്തതുമായ ഉദ്യോഗാർത്ഥിയുടെ മുകളിൽ സ്ഥാനം നൽകേണ്ടതുമാണ്.

(ii) ചില പ്രത്യേക ഉയർന്നയോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മാത്രമേ താഴ്ന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുകയുള്ളൂവെന്ന രീതിയിൽ ഒരു തസ്തികയുടെ യോഗ്യത നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ഉയർന്ന യോഗ്യതയും കുറഞ്ഞ യോഗ്യതയുമുള്ള ഉദ്യോഗാർത്ഥികളെ സംബന്ധിച്ച് പ്രത്യേകം സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കേണ്ടതാണ്.

(12) ബോർഡ് തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റുകൾ അത് നിലവിൽ വന്ന തീയതി മുതൽ ഒരു വർഷക്കാലത്തേയ്ക്ക് പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. എന്നാൽ, ഒരു വർഷക്കാലയളവ് പൂർത്തിയായതിനു ശേഷം പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതു വരെയോ മൂന്നു വർഷം കഴിയുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ പ്രസ്തുത ലിസ്റ്റ് തുടരുന്നതാണ്:

എന്നാൽ, സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു വർഷക്കാലയളവ് അവസാനിക്കുന്നതിനു മുമ്പുതന്നെ ആവശ്യമെങ്കിൽ പുതിയ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ച് വേണ്ട നടപടികൾ ബോർഡിന് സ്വീകരിക്കാവുന്നതാണെങ്കിലും പ്രസ്തുത വിജ്ഞാപനത്തിന് അനുസൃതമായി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റ് നിലവിലുള്ള സെലക്ട് ലിസ്റ്റിന്റെ ഒരു വർഷക്കാലയളവ് അവസാനിച്ചതിനു ശേഷം മാത്രമേ പ്രാബല്യത്തിൽ കൊണ്ടുവരാവൂ:

എന്നു മാത്രമല്ല സെലക്ട് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതലുള്ള ഒരു വർഷ ക്കാലയളവിനുള്ളിൽ ഒരു ഉദ്യോഗാർത്ഥിയെപ്പോലും അഡ്വൈസ് ചെയ്യുന്നില്ലെങ്കിൽ പ്രസ്തുത ലിസ്റ്റ് പ്രസ്തുത തീയതി മുതൽ മൂന്നു വർഷക്കാലത്തേയ്ക്ക് പ്രാബല്യത്തിൽ വയ്ക്കേണ്ടതും പ്രസ്തുത മൂന്നു വർഷക്കാലയളവിനുള്ളിൽ ഒരു ഉദ്യോഗാർത്ഥിയെ പോലും അഡ്വൈസ് ചെയ്യാത്ത പക്ഷം ഒരു വർഷക്കാലത്തേയ്ക്കോ ലിസ്റ്റിൽനിന്ന് ഒരു ഉദ്യോഗാർത്ഥിയെ എങ്കിലും അഡ്വൈസ് ചെയ്യുന്നതു വരെയോ ഏതാണോ ആദ്യം അതു വരെയും ബോർഡിന് സെലക്ട് ലിസ്റ്റിന്റെ കാലാവധി നീട്ടിനൽകാവുന്നതാണ്.

(13) ബോർഡിന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും നിലവിലുള്ളതുമായ എല്ലാ ഒഴിവുകളിലേയ്ക്കും സെലക്ട് ലിസ്റ്റുകൾ നിലവിലിരിക്കുന്ന കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെടാവുന്ന ഒഴിവുകളിലേയ്ക്കും മുൻഗണനാ ക്രമമുണ്ടെങ്കിൽ അപ്രകാരവും മെറിറ്റിന്റെ ക്രമത്തിലും സംവരണത്തിന്റെയും, റൊട്ടേഷന്റെയും ചട്ടങ്ങൾക്കു വിധേയമായി, അവ ബാധകമായ സംഗതികളിൽ ബോർഡ് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യേണ്ടതാണ്.

(14) ബോർഡ് തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റുകൾ ആദ്യം ബോർഡിന് യുക്തമെന്നു തോന്നുന്ന രീതിയിലും തുടർന്ന് ഗസറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. ലിസ്റ്റ് അന്തിമമാക്കിയതായി അതിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി മുതൽ ലിസ്റ്റ് പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്. നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് ലിസ്റ്റ് അതതു സമയം ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ബോർഡിന്റെ അഡ്വൈസ് കത്തിൽ കാണിച്ചിട്ടുള്ള തീയതി മുതലായിരിക്കും അത്തരം അഡ്വൈസ് ലിസ്റ്റ് പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടത്. നിയമനത്തിനായി അഡ്വൈസ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളെ ബോർഡ് അക്കാര്യം അറിയിക്കേണ്ടതാണ്.

(15) സെലക്ട് ലിസ്റ്റുകൾ, അഡ്വൈസ് ലിസ്റ്റുകൾ, ഷോർട്ട് ലിസ്റ്റുകൾ മുതലായവയിൽ ഏതെങ്കിലും ക്ലറിക്കൽ, അച്ചടിപ്പിശകുകൾ ഗണിതപരമോ അല്ലാത്തതോ ആയ തെറ്റുകൾ അല്ലെങ്കിൽ അതിൽ ഉണ്ടാകാവുന്ന ഏതെങ്കിലും ആകസ്മികമായ പിഴവുകളോ വിട്ടുകളയലുകളോ സ്വമേധയാ അല്ലെങ്കിൽ ബന്ധപ്പെട്ട ഏതെങ്കിലും കക്ഷിയുടെ അപേക്ഷ പ്രകാരം തിരുത്തുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(16) (i) സർവ്വീസിലെ ഏതെങ്കിലും തസ്തികയിലേക്ക് നിയമനത്തിനായി ബോർഡിനാൽ

അഡ്വൈസ് ചെയ്യപ്പെട്ട ഒരു ഉദ്യോഗാർത്ഥി നിയമന ഉത്തരവ് അനുസരിച്ച് ജോലിയിൽ പ്രവേശിക്കുന്നില്ലെങ്കിൽ പ്രസ്തുത ഉത്തരവ് ഉചിതമായ കൈപ്പറ്റ രസീത് സഹിതം രജിസ്റ്റേർഡ് തപാൽ മുഖേന ഉദ്യോഗാർത്ഥിക്ക് അയച്ചിരുന്നുവെന്ന് ബോർഡിന് ബോധ്യമുള്ള പക്ഷം അഡ്വൈസ് റദ്ദാക്കേണ്ടതും ടിയാന്റെ പേര് സെലക്റ്റ് ലിസ്റ്റിൽനിന്ന് ഒഴിവാക്കേണ്ടതുമാണ്.

(ii) ബോർഡ് തയ്യാറാക്കിയ സെലക്റ്റ് ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടുള്ള ഏത് ഉദ്യോഗാർത്ഥിക്കും നിയമനത്തിനുള്ള അയാളുടെ അവകാശം, അയാളെ അഡ്വൈസ് ചെയ്യുന്നതിനുള്ള അഭ്യർത്ഥന ലഭിച്ച തീയതിയോ അതിനു മുമ്പായോ തഹസീൽദാരുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനാൽ മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തപ്പെട്ട പൂർണ്ണ മേൽവിലാസവും ഒപ്പും സഹിതം രേഖാമൂലം വേണ്ടെന്നു വയ്ക്കാവുന്നതാണ്. അതോടെ ബോർഡിന് ടിയാന്റെ പേര് സെലക്റ്റ് ലിസ്റ്റിൽനിന്ന് നീക്കാവുന്നതും ചട്ടങ്ങൾക്കനുസൃതമായി മറ്റൊരു ഉദ്യോഗാർത്ഥിയെ അഡ്വൈസ് ചെയ്യാവുന്നതുമാണ്. സെലക്റ്റ് ലിസ്റ്റിൽനിന്ന് അപ്രകാരം നീക്കം ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥിയെ അങ്ങനെയുള്ള നീക്കം ചെയ്യൽ ബോർഡ് അറിയിക്കേണ്ടതുമാണ്.

(17) ബന്ധപ്പെട്ട ദേവസ്വം ബോർഡ് അഭ്യർത്ഥിക്കുന്ന പക്ഷം ഏതെങ്കിലും പരിശീലനത്തിനോ, കോഴ്സിനോ, തൊഴിലിനോ ഏതെങ്കിലും സ്കോളർഷിപ്പിനോ സ്റ്റൈപ്പൻഡിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ബോർഡിന് ഉദ്യോഗാർത്ഥികളെ സെലക്റ്റ് ചെയ്യാവുന്നതും അത്തരം സെലക്ഷനുകളുടെ സ്വഭാവത്തിനനുസരിച്ച് ബോർഡ് ഈ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമം കഴിയുന്നിടത്തോളം പിന്തുടരേണ്ടതുമാണ്:

എന്നാൽ അത്തരം സെലക്ഷന് ബോർഡ് തയ്യാറാക്കുന്ന സെലക്റ്റ് ലിസ്റ്റുകൾ പരിശീലന പരിപാടി ആരംഭിക്കുന്ന തീയതി മുതൽ ഒരു മാസത്തിനു ശേഷമോ സെലക്റ്റ് ലിസ്റ്റ് നിലവിൽവന്ന തീയതി മുതൽ മൂന്നു മാസത്തിനു ശേഷമോ ഏതാണോ അവസാനം അന്ന് അവസാനിക്കുന്നതാണ്.

(18) ബോർഡിന് ഏതു സമയത്തും അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമെന്ന് അതിന് അഭിപ്രായമുള്ള രേഖകളും റിപ്പോർട്ടുകളും വിവരങ്ങളും വിവിധ ദേവസ്വം ബോർഡുകളിൽനിന്നും മാനേജിംഗ് കമ്മിറ്റികളിൽനിന്നും അല്ലെങ്കിൽ അത്തരം ബോർഡു കളുടെയും കമ്മിറ്റികളുടെയും കീഴിൽവരുന്ന ഏതു സ്ഥാപനത്തിൽനിന്നും ആവശ്യ പ്പെടാവുന്നതും അത്തരം രേഖകൾ, റിപ്പോർട്ടുകൾ, അല്ലെങ്കിൽ വിവരങ്ങൾ ബന്ധപ്പെട്ട ദേവസ്വം ബോർഡുകൾ അല്ലെങ്കിൽ മാനേജിംഗ് കമ്മിറ്റികൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ അവ:-

(എ) അനാവശ്യമായ അദ്ധ്വാനം കൂടാതെ ലഭ്യമാക്കാനാവില്ലെന്നോ

(ബി) പൊതു താൽപര്യം മുൻനിർത്തി നൽകുവാനാവില്ലെന്നോ

ദേവസ്വം ബോർഡുകൾ/ മാനേജിങ് കമ്മിറ്റികൾ സാക്ഷ്യപ്പെടുത്താത്തപക്ഷം അനാവശ്യമായ കാലതാമസം കൂടാതെ ബോർഡിനു ലഭ്യമാക്കേണ്ടതുമാണ്.

(19) താഴെക്കൊടുത്തിരിക്കുന്ന ഇനം നടപടിദൂഷ്യങ്ങളിൽ ഏർപ്പെട്ടതായി കണ്ടെത്തിയ ഉദ്യോഗാർത്ഥികളെ ഒരു പ്രത്യേക തസ്തികയിലേയ്ക്കോ വകുപ്പിലേയ്ക്കോ പരിഗണി ക്കപ്പെടുന്നതിനായി ബോർഡിലേക്ക് അപേക്ഷിക്കുന്നതിൽനിന്ന് സ്ഥിരമായോ ഏതെങ്കിലും കാലയളവിലേക്കോ അയോഗ്യരാക്കുന്നതിനോ എഴുത്ത്/ പ്രായോഗിക പരീക്ഷ എന്നിവയിലെ അവരുടെ ഉത്തരക്കടലാസ്സുകൾ അല്ലെങ്കിൽ നിർമ്മിതികൾ അസാധുവാക്കുന്നതിനോ അവർക്കെതിരെ ക്രിമിനലോ അല്ലാത്തതോ ആയ നടപടി ആരംഭിക്കുന്നതിനോ അവർ അതിനകം നിയമിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടെങ്കിൽ അവരെ ജോലിയിൽനിന്ന് നീക്കംചെയ്യുന്നതിനോ പിരിച്ചുവിടുന്നതിനോ അവർക്കെതിരെ മറ്റേതെങ്കിലും അച്ചടക്ക നടപടി എടുക്കുന്നതിനോ മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും ഒന്നോ ഒന്നിലധികമോ നടപടികൾ നേരിടുന്നതിനോ ബാധ്യസ്ഥമാകുന്നതാണ്.

(i) ബോർഡിന്റെ ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തേയോ ബോർഡിനെ സഹായിക്കുന്ന വിദഗ്ധരെയോ പരീക്ഷകരെയോ സ്വാധീനിക്കുന്നതിനോ തങ്ങളുടെ തിരഞ്ഞെടുപ്പിന് പിന്തുണ സമാഹരിക്കുന്നതിനോ വേണ്ടി ഉദ്യോഗാർത്ഥികൾ സ്വയമോ അവർക്കുവേണ്ടിയോ ശ്രമം നടത്തൽ.

(ii) തങ്ങൾക്ക് അനർഹമായ എന്തെങ്കിലും ഉപകാരം ചെയ്യുന്നതിനോ ബോർഡിന്റെ ഉത്തരവ് പ്രകാരം ഔദ്യോഗികമായി പരസ്യപ്പെടുത്തുന്നതു വരെ രഹസ്യമായി സൂക്ഷിക്കേണ്ടുന്ന എന്തെങ്കിലും വിവരം വെളിപ്പെടുത്തുന്നതിനോ വേണ്ടി ബോർഡിന്റെ ഓഫീസിലെ ജീവനക്കാരെ സ്വാധീനിക്കാൻ ശ്രമിക്കൽ.

(iii) അപേക്ഷാഫാറത്തിലോ അതിന്റെ അനുബന്ധത്തിലോ സെലക്ഷനുമായി ബന്ധപ്പെട്ട് ഹാജരാക്കുന്ന ഏതെങ്കിലും രേഖയിലോ വ്യാജമായ പ്രസ്താവന നടത്തുകയോ സെലക്ഷനെ സംബന്ധിച്ച് പ്രസക്തമായ ഏതെങ്കിലും വസ്തുത ബോർഡിൽനിന്നും മറച്ചു വയ്ക്കുകയോ ചെയ്യൽ.

(iv) ബോർഡിനു മുമ്പാകെ വ്യാജമായതോ തിരുത്തൽ വരുത്തിയതോ ആയ ഏതെങ്കിലും രേഖ ഹാജരാക്കുകയോ സെലക്ഷനുമായി ബന്ധപ്പെട്ട് ബോർഡ് മുമ്പാകെ ഹാജരാക്കിയ ശേഷം ഏതെങ്കിലും രേഖയിൽ തിരുത്തൽ വരുത്തുകയോ ചെയ്യൽ.

(v) സെലക്ഷനിൽ പങ്കെടുക്കുന്ന മറ്റേതെങ്കിലും ഉദ്യോഗാർത്ഥിയെക്കുറിച്ച് ബോർഡ് മുമ്പാകെ ഏതെങ്കിലും വ്യാജപരാതി സമർപ്പിക്കുവാനുള്ള എന്തെങ്കിലും ശ്രമം.

(vi) സെലക്ഷനുമായി ബന്ധപ്പെട്ട് ബോർഡ് ചെയർപേഴ്സണോ ബോർഡിലെ മറ്റേതെങ്കിലും അംഗങ്ങൾക്കോ അല്ലെങ്കിൽ ബോർഡിനെ സഹായിക്കുന്ന വിദഗ്ധനോ പരീക്ഷകനോ ബോർഡിലെ ഏതെങ്കിലും ജീവനക്കാരനോ എതിരെ വ്യാജ ആരോപണം ഉന്നയിക്കൽ.

(vii) ബോർഡ് നടത്തുന്ന ഏതെങ്കിലും അഭിമുഖം അല്ലെങ്കിൽ പരീക്ഷയുമായി ബന്ധപ്പെട്ടുള്ള അനുചിതമായ എന്തെങ്കിലും പെരുമാറ്റം.

(viii) ബോർഡ് നടത്തുന്ന ഏതെങ്കിലും പരീക്ഷയുടെ ഉത്തരക്കടലാസ്സിൽ കൃത്രിമം കാണിക്കുകയോ അത്തരം ഉത്തരക്കടലാസ്സിലെ നിബന്ധനകൾക്കു വിരുദ്ധമായി ഉദ്യോഗാർത്ഥിയെ തിരിച്ചറിയുന്നതിലേയ്ക്ക് നയിക്കുമെന്ന് ബോർഡിന് അഭിപ്രായമുള്ള രീതിയിൽ ഉത്തരക്കടലാസ്സിൽ ഏന്തെങ്കിലും കുത്തിക്കുറിക്കയോ ചെയ്യൽ.

(ix) ഉദ്യോഗാർത്ഥികളുടെ നിയമാനുസൃതവും നീതിയുക്തവുമായ സെലക്ഷനെ ബാധിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് ബോർഡിന് അഭിപ്രായമുള്ള മറ്റ് എതെങ്കിലും പ്രവൃത്തി.

## അധ്യായം III

## പലവക

8. വാർഷിക കണക്കുകളുടെ പത്രിക.- ഓർഡിനൻസിലെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ഈ ചട്ടങ്ങളിൽ അനുബന്ധമായി നൽകിയിട്ടുള്ള ഫാറം I ൽ ബോർഡ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ പത്രിക തയ്യാറാക്കേണ്ടതാണ്.

9. ബോർഡിന്റെ വാർഷിക റിപ്പോർട്ട്.- ബോർഡ് ഓരോ സാമ്പത്തികവർഷവും അതിന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഓർഡിനൻസ് പ്രകാരമുള്ള ഫാറം II ൽ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും തുടർന്നു വരുന്ന വർഷം ജൂലൈ 15 നു മുമ്പായി അത് സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ അത് എത്രയുംവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

10. റഫറൻസുകൾ.- ബോർഡിനോട് നടത്തുന്ന എല്ലാ റഫറൻസുകളും സെക്രട്ടറിയെ അഭിസംബോധന ചെയ്തുകൊണ്ട് കത്തു രൂപത്തിലായിരിക്കേണ്ടതാണ്.

11. ആഭ്യന്തരകാര്യങ്ങൾ.- (1) അതതുസമയത്ത് ബോർഡ് തയ്യാറാക്കുന്ന കാര്യപരിപാടി ബോർഡ് യോഗങ്ങൾക്കുള്ള അറിയിപ്പായി കണക്കാക്കേണ്ടതാണ്. എന്നാൽ അടിയന്തര പ്രാധാന്യമുള്ള സംഗതികളിൽ തീരുമാനമെടുക്കുന്നതിനായി ബോർഡിന് എപ്പോൾ വേണമെങ്കിലും യോഗം ചേരാവുന്നതാണ്. ചെയർപേഴ്സൺ യോഗത്തിന്റെ അജണ്ട നിശ്ചയിക്കേണ്ടതാണ്:

എന്നാൽ സാധാരണഗതിയിൽ ഉദ്യോഗാർത്ഥികളുടെ അഭിമുഖം അല്ലാതെയുള്ള ആവശ്യങ്ങൾക്കായി മാസത്തിൽ ചുരുങ്ങിയത് രണ്ടു തവണ ബോർഡിന്റെ യോഗം ചേരേണ്ടതാണ്. ആദ്യത്തെ സിറ്റിംഗ് ഓരോ മാസത്തെയും ആദ്യ ആഴ്ചയിൽ മൂന്നു ദിവസത്തേയ്ക്കായിരിക്കുന്നതും, രണ്ടാമത്തെ സിറ്റിംഗ് പതിനഞ്ചാം തീയതിക്കു ശേഷം വരുന്ന തിങ്കളാഴ്ച മുതലോ, തിങ്കളാഴ്ച അവധി ദിവസമാകുന്ന പക്ഷം 15-ാം തീയതിക്കു ശേഷമുള്ള ആദ്യത്തെ പ്രവൃത്തി ദിവസം മുതലോ രണ്ടു ദിവസത്തേയ്ക്കായിരിക്കും.

(2) ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്കു വരുന്ന ഏതു പ്രശ്നത്തിലും ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ട് പ്രകാരമാണ് തീരുമാനമെടുക്കേണ്ടത്. വോട്ടുകൾ തുല്യമായി വന്നാൽ ചെയർപേഴ്സണ് രണ്ടാമത് ഒരു വോട്ട് അല്ലെങ്കിൽ കാസ്റ്റിംഗ് വോട്ട് ചെയ്യുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) ബോർഡിന്റെ ഓരോ യോഗത്തിലും ചെയർപേഴ്സൺ അല്ലെങ്കിൽ അദ്ദേഹത്തി ന്റെ

അസാന്നിധ്യത്തിൽ ചെയർപേഴ്സന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട അംഗം അദ്ധ്യക്ഷത വഹിക്കേണ്ടതാണ്. ബോർഡ് യോഗത്തിന്റെ ക്വാറം മൂന്ന് ആയിരിക്കും. അതിലൊരാൾ ചെയർപേഴ്സൺ അല്ലെങ്കിൽ ചെയർപേഴ്സന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനായി നിയോഗിക്കപ്പെട്ട അംഗമായിരിക്കേണ്ടതാണ്. ഏതെങ്കിലും യോഗത്തിൽ അംഗങ്ങളിൽ ആരെങ്കിലും ഹാജരാകാതിരിക്കെ അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടാവുന്ന പക്ഷം ഒന്നുകിൽ എല്ലാ അംഗങ്ങളും പങ്കെടുക്കുന്ന അടുത്ത യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയോ ചെയർപേഴ്സൺ അപ്രകാരം നിർദ്ദേശിക്കുന്ന പക്ഷം അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പായി ഹാജരാകാതിരുന്ന അംഗത്തിന്റെ അഭിപ്രായം തേടുകയോ ചെയ്യേണ്ടതാണ്.

(4) പരീക്ഷാ നടത്തിപ്പ്, അല്ലെങ്കിൽ ഉദ്യോഗാർത്ഥികളുടെ അഭിമുഖം ഉൾപ്പെടെ ബോർഡിന് യുക്തമെന്നു തോന്നുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനായി ആവശ്യമെന്നു തോന്നുന്ന പക്ഷം ഒന്നോ അതിലധികമോ അംഗങ്ങളെ ബോർഡിന് ചുമതലപ്പെടുത്താവുന്നതാണ്:

എന്നാൽ അപ്രകാരം എടുത്ത തീരുമാനം അല്ലെങ്കിൽ നടത്തിയ സെലക്ഷൻ ബോർഡ് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

(5) താഴെപ്പറയുന്ന ചുമതലകളിൽ ഏതെങ്കിലുമോ എല്ലാമോ ബോർഡിന് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങൾക്കു വിധേയമായി ഏതെങ്കിലും അംഗത്തിനോ അല്ലെങ്കിൽ അംഗങ്ങൾക്കിടയിൽനിന്നും രൂപീകരിക്കുന്ന ഒരു കമ്മിറ്റിക്കോ നൽകാവുന്നതാണ്:-

(i) റിക്രൂട്ട്മെന്റിനുള്ള പരീക്ഷയുടെ നടത്തിപ്പും ക്രമീകരണങ്ങളും.

(ii) വകുപ്പുതല പരീക്ഷകളുടെ നടത്തിപ്പും ക്രമീകരണങ്ങളും.

(iii) റിക്രൂട്ട്മെന്റിനോ ഏതെങ്കിലും പരീക്ഷയിലെ പ്രവേശനത്തിനോ ഉള്ള

അപേക്ഷകളുടെ സൂക്ഷ്മപരിശോധന:

എന്നാൽ, മേൽപ്പറഞ്ഞ ലിസ്റ്റിൽ ബോർഡിന് കൂട്ടിച്ചേർക്കലുകളോ ഭേദഗതിയോ വരുത്താവുന്നതാണ്.

(6) ചെയർപേഴ്സന്റെ അല്ലെങ്കിൽ ഏതെങ്കിലും അംഗത്തിന്റെ സ്ഥാനം ഒഴിഞ്ഞു കിടക്കുന്ന കാരണത്താൽ ബോർഡിന്റെ നടപടിക്രമങ്ങൾ അസാധുവാകുന്നതല്ല:

എന്നാൽ, ചെയർപേഴ്സൺ മറ്റ വിധത്തിൽ നിർദ്ദേശം നൽകാത്ത പക്ഷം, അദ്ദേഹം ഹാജരല്ലാത്ത ഒരു യോഗത്തിൽ എടുക്കുന്ന ഏതെങ്കിലും തീരുമാനത്തിന്മേൽ പ്രസ്തുത തീരുമാനം അദ്ദേഹത്തെ അറിയിക്കുന്നതു വരെ യാതൊരു നടപടിയും സ്വീകരിക്കുവാൻ പാടില്ലാത്തതും അപ്രകാരം അറിയിക്കുമ്പോൾ അദ്ദേഹം കൂടി ഹാജരാകുന്ന യോഗത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കേണ്ടതാണെന്ന് അദ്ദേഹത്തിന് നിർദ്ദേശം നൽകാവുന്നതുമാണ്.

(7) ബോർഡിന്റെ എല്ലാ തീരുമാനങ്ങളും ബോർഡ് നിർദ്ദേശിക്കുന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്. ബോർഡ് തീരുമാനത്തോട് വിയോജിക്കുന്ന ഏതൊരു അംഗ ത്തിനും തന്റെ വിയോജിപ്പും, യുക്തമെന്നു തോന്നുന്ന പക്ഷം, വിയോജിപ്പിനുള്ള അദ്ദേഹത്തിന്റെ കാരണങ്ങളും രേഖപ്പെടുത്താൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

(8) ബോർഡ് ഏതെങ്കിലും അധികാരസ്ഥാനത്തിന് ഉപദേശമോ നിർദ്ദേശ ങ്ങളോ നൽകേണ്ടി വരുമ്പോൾ ബോർഡ് തീരുമാനം ഒരു കത്തിന്റെ രൂപത്തിലായിരിക്കണം അറിയിക്കേണ്ടത്. തീരുമാനം ഏകകണ്ഠമല്ലാതിരിക്കുന്ന സംഗതിയിൽ ആ വസ്തുതയോ വിയോജിപ്പിനുള്ള കാരണങ്ങളോ ചെയർമാൻ മറ്റ് വിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം അറിയിക്കുവാൻ പാടില്ല.

(9) ബോർഡിന് ഏതു വിഷയവും, ഏതെങ്കിലും ഒരംഗത്തിന്റെ അല്ലെങ്കിൽ അംഗങ്ങൾ ഉൾപ്പെടുന്നതും ആവശ്യമെങ്കിൽ ബോർഡ് നിയമിക്കുന്ന മറ്റേതെങ്കിലും വ്യക്തിയുടെയോ വ്യക്തികളുടെയോ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു കമ്മിറ്റിയുടെ പരിഗണനയ്ക്കും റിപ്പോർട്ടിനുമായി റഫർ ചെയ്യാവുന്നതാണ്.

(10) ചെയർപേഴ്സൺ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ഇതിലേയ്ക്കായി അദ്ദേഹം നിയോഗിച്ചിട്ടുള്ള മറ്റ് ഏതെങ്കിലും അംഗത്തിന് അടിയന്തര നടപടിക്കായി തന്റെ മുമ്പാകെ വരുന്ന കാര്യങ്ങളിൽ നടപടി സ്വീകരിക്കാവുന്നതാണ്. അത്തരം നടപടി ബോർഡ് മുമ്പാകെ എത്രയും പെട്ടെന്ന് സമർപ്പിക്കേണ്ടതാ

പട്ടിക 1

(ചട്ടം 3 കാണുക)

ദേവസ്വം ബോർഡിലെ പരമ്പരാഗത തസ്തികകൾ

**(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്:**

| ക്രമനമ്പർ | തസ്തികകളുടെ പേര് |
|---|---|
| 1 | ശാന്തി (കാരായ്മ) |
| 2 | കഴകം (കാരായ്മ) |
| 3 | സംബന്ധി (കാരായ്മ) |
| 4 | ക്ഷേത്ര ജീവനക്കാർ (അടിച്ചുതളി) |
| 5 | വാദ്യക്കാർ |
| 6 | ക്ഷേത്രങ്ങളിൽ ശംഖുവിളിയും സമാനജോലികളും ചെയ്യുന്ന അത്തരം മറ്റു ജീവനക്കാർ |

**(ബി) കൊച്ചിൻ ദേവസ്വം ബോർഡ്:**

| ക്രമനമ്പർ | തസ്തികകളുടെ പേര് |
|---|---|
| 1 | ശാന്തി (കാരായ്മ) |
| 2 | കഴകം (കാരായ്മ) |
| 3 | സംബന്ധി (കാരായ്മ) |
| 4 | ക്ഷേത്ര ജീവനക്കാർ (അടിച്ചുതളി) |
| 5 | വാദ്യക്കാർ |
| 6 | ക്ഷേത്രങ്ങളിൽ ശംഖുവിളിയും സമാനജോലികളും ചെയ്യുന്ന അത്തരം മറ്റു ജീവനക്കാർ |

**(സി) മലബാർ ദേവസ്വം ബോർഡ്:**

| ക്രമനമ്പർ | തസ്തികകളുടെ പേര് |
|---|---|
| 1 | ശാന്തി (കാരായ്മ) |
| 2 | കഴകം (കാരായ്മ) |
| 3 | സംബന്ധി (കാരായ്മ) |
| 4 | ക്ഷേത്ര ജീവനക്കാർ (അടിച്ചുതളി) |
| 5 | വാദ്യക്കാർ |
| 6 | ക്ഷേത്രങ്ങളിൽ ശംഖുവിളിയും സമാനജോലികളും ചെയ്യുന്ന അത്തരം മറ്റു ജീവനക്കാർ |

**(ഡി) ഗുരുവായൂർ ദേവസ്വം:**

| **ക്രമനമ്പർ** | **തസ്തികകളുടെ പേര്** |
|---|---|
| 1 | ശാന്തിയേറ്റവർ |
| 2 | കോയ്മ |
| 3 | വിളക്കുവയ്പ്പുകാർ നമ്പൂതിരിമാർ (ക്ഷേത്രം) |
| 4 | മൂഷ്ടാന്നം വിളമ്പുകാർ |

5 ക്ഷേത്രം പാചകക്കാരൻ
6 ഇടയ്ക്ക കലാകാരൻ (ക്ഷേത്രം)
7 മദ്ദളം കലാകാരൻ (ക്ഷേത്രം)
8 ഇലത്താളം കലാകാരൻ (ക്ഷേത്രം)
9 കൊമ്പ് കലാകാരൻ (ക്ഷേത്രം)
10 ഇടുത്തുടി കലാകാരൻ (ക്ഷേത്രം)
11 താളം കലാകാരൻ (ക്ഷേത്രം)
12 നാഗസ്വരം കലാകാരൻ (ക്ഷേത്രം)
13 തകിൽ കലാകാരൻ (ക്ഷേത്രം)
14 അഷ്ടപദി കലാകാരൻ (ക്ഷേത്രം)
15 ദേവസ്വത്തിനു കീഴിലെ കീഴേടം ക്ഷേത്രങ്ങളിലെ ശാന്തിക്കാർ
16 പ്രിൻസിപ്പൽ, വാദ്യവിദ്യാലയം ടീച്ചർ (കുറുംകുഴൽ)
17 വാദ്യവിദ്യാലയം ടീച്ചർ (കൊമ്പ്)
18 കൃഷ്ണനാട്ടം കലാകാരൻ

**(ഡി) കൂടൽമാണിക്യം ദേവസ്വം:**

ക്രമനമ്പർ തസ്തികകളുടെ പേര്
1 ശാന്തി (കാരായ്മ)
2 കഴകം (കാരായ്മ)
3 സംബന്ധി (കാരായ്മ)
4 ക്ഷേത്ര ജീപ്പകാർ (അടിച്ചുതളി)
5 വാദ്യക്കാർ
6 ക്ഷേത്രങ്ങളിൽ ശംഖുവിളിയും സമാനജോലികളും ചെയ്യുന്ന അത്തരം മറ്റ് ജീവനക്കാർ

പട്ടിക II
(ചട്ടം 5 കാണുക)
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സർവീസ്

| ക്രമ നമ്പർ | തസ്തികയുടെവിഭാഗം | ശമ്പളസ്കെയിൽ | തസ്തികകളുടെ എണ്ണം | യോഗ്യത | നിയമനരീതി |
|---|---|---|---|---|---|
| 1 | ലാ ആഫീസിർ | 44640-58840+500 എസ്.പി. | 1 | | നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി കാറ്റഗറിയിൽ നിന്ന് അന്യത്രസേവനം മുഖേന |
| 2. | ഫിനാൻസ് ആഫീസർ | 44640-58840+500 എസ്.പി. 1 | 1 | | ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറി കാറ്റഗറിയിൽ നിന്ന് അന്യത്രസേവനം മുഖേന |

ഫാറം I

(ചട്ടം 8 <u>കാണുക</u>)

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ്

1. വർഷം :
2. അക്കൗണ്ടിന്റെ ശീർഷകം :
3. നടപ്പുവർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റ് :
4. നടപ്പുവർഷത്തിൽ ലഭിച്ച ആകെ തുക :
5. ചെലവ് :
6. ശമ്പളവും ബത്തകളും :
7. യാത്രാ അലവൻസ്/ ദിന ബത്ത :
8. മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് :
9. വാടക, വൈദ്യുതി, വെള്ളം :
10. ഇന്ധനച്ചെലവുകൾ :
11. സ്റ്റേഷനറി/ഫർണീച്ചർ വാങ്ങൽ :
12. മറ്റ് ഓഫീസ് ചെലവുകൾ :
13. ആകെ :
14. ബോർഡിൽ അവശേഷിക്കുന്ന തുക/ :

കമ്മിയുണ്ടെങ്കിൽ അതും

സെക്രട്ടറി

ഫാറം II

(ചട്ടം 9 <u>കാണുക</u>)

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വാർഷിക റിപ്പോർട്ട്

1. ആമുഖം
2. ബോർഡിന്റെ രൂവൽക്കരണം
3. ബോർഡിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരും (പേര്, തസ്തിക, എണ്ണം, ശമ്പളസ്കെയിൽ)
4. ബോർഡിന്റെ വരുമാനവും ചെലവും (ഇനം തിരിച്ച്)
5. വകുപ്പുതല ടെസ്റ്റുകൾ ഉൾപ്പെടെ നടത്തിയ പരീക്ഷകൾ
6. വിവിധ ടെസ്റ്റുകളുടെ ഫലപ്രഖ്യാപനങ്ങളുടെ വിശദാംശം
7. അയച്ചതും ലഭിച്ചതുമായ സന്ദേശങ്ങൾ
8. വിജ്ഞാപനം ചെയ്ത തസ്തികകൾ
9. പ്രസിദ്ധപ്പെടുത്തിയ സെലക്റ്റ് ലിസ്റ്റുകൾ
10. പ്രാബല്യത്തിലുള്ള സെലക്റ്റ് ലിസ്റ്റുകൾ
11. കാലാവധി കഴിഞ്ഞ/റദ്ദാക്കിയ സെലക്റ്റ് ലിസ്റ്റുകൾ
12. ശിപാർശ ചെയ്ത നിയമനങ്ങൾ
13. പട്ടികജാതികൾ/ പട്ടികഗോത്രവർഗ്ഗങ്ങൾ എന്നിവർക്കായുള്ള സെലക്ഷൻ
14. ബോർഡിന്റെ വാർഷിക അക്കൗണ്ടുകൾ
15. ബോർഡിനു വേണ്ടിയും എതിരായും കോടതികൾ/ട്രിബ്യൂണലുകളിൽ സമർപ്പിച്ച കേസുകൾ
16. ബോർഡ് എടുത്ത തീരുമാനങ്ങൾ
17. മറ്റു പ്രധാന വിവരങ്ങൾ

സെക്രട്ടറി

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
കെ. ആർ. ജ്യോതിലാൽ,
ഗവൺമെന്റ് സെക്രട്ടറി.

**വിശദീകരണ കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതുമാണ്.)

2015 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസിലെ 18-ാം വകുപ്പ് (2015 ലെ ഓർഡിനൻസ് നമ്പർ 5) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഗവൺമെന്റിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഉദ്ദേശ്യത്തിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം സാധിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

**കേരള ഗസറ്റ്**

**അസാധാരണം**

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

കേരള സർക്കാർ

**റവന്യൂ (ദേവസ്വം) വകുപ്പ്**

വിജ്ഞാപനം

ജി.ഒ. (പി) നം. 41/2016/ആർ.ഡി തിരുവനന്തപുരം.

തിരുവനന്തപുരം, തീയതി 2016 ജനുവരി 19

1191 മകരം 5

**എസ്. ആർ. ഒ. നമ്പർ 56/2016.—** 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ആക്റ്റിലെ (2015-ലെ 16-ാം ആക്റ്റ്) 18-ാം വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2015 മെയ് 30-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 216/2015/ആർ.ഡി നമ്പരായി പുറപ്പെടുവിച്ചതും 2015 മെയ് 30-ാം തീയതിയിലെ 1303-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 352/2015 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ച 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :-

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് (ഭേദഗതി) ചട്ടങ്ങൾ എന്ന് പേരു പറയാം.

(2) അത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.- 2015ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഭേദഗതി ചട്ടങ്ങളിൽ,-

(1) ചട്ടം 2 ൽ, ഉപചട്ടം (1) ന്റെ ഖണ്ഡം (ജെ) യിൽ "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സർവീസ്" എന്ന വാക്കുകൾക്ക് ശേഷം "ദേവസ്വം ബോർഡ്

സർവീസും" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്;

(2) ചട്ടം 3 ൽ,-

(i) ഉപചട്ടം (2) ൽ,-

(എ) "17 ൽ 14" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "14 മുതൽ 17 വരെ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) ക്ലിപ്തനിബന്ധനയിൽ, "മേൽപ്പറഞ്ഞ ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം താഴെക്കൊടുത്തിട്ടുള്ള വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:

